22/3/22

DESPATCHED On 30/3/2022

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2642(1)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.20428/SIC-Gen4/2019**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2022 മാർച്ച് 22**

ശ്രീ. ഉമ്മർ ഏറാമല,
പുളിഞ്ഞോളി ഹൗസ്,
ഏറാമല പി.ഒ.,
ഓർക്കാട്ടേരി – 673 501.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കേരള സംസ്ഥാന വഖഫ് ബോർഡ്,
   ഡിവിഷണൽ ഓഫീസ്, കോഴിക്കോട്.
2. അപ്പീൽ അധികാരി & സി.ഇ.ഒ.,
   കേരള സംസ്ഥാന വഖഫ് ബോർഡ്,
   കലൂർ, കൊച്ചി – 17.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 2.03.2020–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ആയിരുന്ന ശ്രീമതി സലീമ എസ്.ഐ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ 22.8.2019–ന് ലഭിച്ചിരുന്നുവെന്നും കോഴിക്കോട് ഡിവിഷണൽ ഓഫീസുമായി ബന്ധപ്പെട്ട 22.2.2014 മുതൽ രജിസ്റ്റർ ചെയ്ത വഖ്ഫുകളുടെ വഖ്ഫ് രജിസ്റ്ററുകൾ മാത്രമാണ് ടി ഓഫീസിൽ സൂക്ഷിച്ച് വരുന്നതെന്നും എന്നാൽ ഹെഡാഫീസിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് ഹെഡാഫീസിലേക്ക് അയക്കുന്നതിന് മന:പൂർവ്വമല്ലാത്ത വീഴ്ച വന്നുപോയതാണെന്നും ആയത് മാപ്പാക്കണമെന്നും പിന്നീട് അപ്പീൽ അധികാരി

നിർദ്ദേശിച്ചതിനെ തുടർന്ന് ബോർഡിന്റെ ഹെഡാഫീസിൽ നിന്നും അപേക്ഷകന് രേഖകൾ അയച്ചു കൊടുത്തിട്ടുള്ളതാണെന്നുമാണ്.

2. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഹെഡാഫീസിലാണ് ലഭ്യമാകുക എന്നറിഞ്ഞിട്ടും ടി അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) പ്രകാരം ഹെഡാഫീസിലേക്ക് കൈമാറാതിരുന്നത് ടി എതിർകക്ഷിയുടെ ഭാഗത്ത് സംബന്ധിച്ച ഗുരുതരമായ വീഴ്ചയാണ്. ടി വീഴ്ചയ്ക്ക് ടിയാൾ ബോധിപ്പിച്ച മേൽ വിശദീകരണം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരിയായ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീമതി സലീമ എസ്.ഐ.യെ ശിക്ഷിക്കുവാനും ശിക്ഷയായി 2000/- രൂപ (രണ്ടായിരം രൂപ മാത്രം) ടിയാളിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീമതി സലീമ എസ്.ഐ, 2000/- രൂപ (രണ്ടായിരം രൂപ മാത്രം) "0070–60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 10/04/2022-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

3. ഒന്നാം എതിർകക്ഷിക്കെതിരെ പിഴ ശിക്ഷയായി കമ്മീഷൻ ചുമത്തിയ 2000/- രൂപ 10/04/2022-നകം പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീമതി സലീമ എസ്.ഐ ഒടുക്കി കമ്മീഷൻ തീരുമാനം നടപ്പിലാക്കിട്ടുണ്ടെന്ന് രണ്ടാം എതിർകക്ഷി ഉറപ്പു വരുത്തേണ്ടതാണ്.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 മാർച്ച് മാസം 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION, KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി